സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ
സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

**No. 297/2024**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ അംഗങ്ങൾക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഭരണഘടന രൂപീകൃതമായതിന്റെ തൊണ്ണൂറാമത് വാർഷികം 2024 ഡിസംബർ മാസം 26-ാം തീയതി സഭയാകമാനം ആചരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരികയാണ്. ഏതൊരു സജീവ സമൂഹത്തിന്റെയും ക്രമീകൃതമായ നിലനിൽപിന് കൃത്യമായ നിയമ-ഭരണ ക്രമീകരണങ്ങളെ പ്രതിപാദിക്കുന്ന ഒരു ചട്ടക്കൂട് ആവശ്യമാണ്. ആ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഏതൊരു സമൂഹത്തിനും സജീവത്വവും നിയന്ത്രണവും താളാത്മകതയും നൽകുന്നത്.

പരിശുദ്ധ സഭയെ നയിച്ച പൂർവ്വികപിതാക്കന്മാർ, മലങ്കരസഭയുടെ പ്രവർത്തനങ്ങൾക്കും അധികാര-നേതൃത്വ കേന്ദ്രങ്ങൾക്കും വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടാകണം എന്നുള്ള ചിന്തയോടെ പ്രവർത്തിച്ചതിന്റെ ഫലമായി രൂപപ്പെട്ടതാണ് 1934 ഡിസംബർ മാസം 26-ാം തീയതി കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ പാസാക്കിയ മലങ്കര ഓർത്തഡോക്സ് സഭാ ഭരണഘടന. എപ്പിസ്കോപ്പസിക്കും ജനായത്ത്വത്തിനും വ്യക്തമായ അതിർവരമ്പുകൾ നൽകിക്കൊണ്ട് രൂപീകരിക്കപ്പെട്ടതാണ് 1934-ലെ സഭാ ഭരണഘടന. മലങ്കരസഭാ ഭരണഘടനയുടെ ആധികാരികതയും അംഗീകാരവും ചോദ്യം ചെയ്യപ്പെട്ടപ്പോഴെല്ലാം ഭാരതത്തിന്റെ പരമോന്നത നീതിപീഠം വിവിധ ഉത്തരവുകളിലൂടെ മലങ്കര ഓർത്തഡോക്സ് സഭാ ഭരണഘടനയുടെ ആധികാരികത ആവർത്തിച്ച് ഉറപ്പിച്ചിട്ടുള്ളതാണ്. ഭാരതം ഒരു ഭരണഘടന അംഗീകരിക്കുന്നതിനും പതിനഞ്ച് വർഷങ്ങൾക്ക് മുമ്പുതന്നെ മലങ്കരസഭ ഒരു ഭരണക്രമീകരണം തയ്യാറാക്കുകയും അത് പാസ്സാക്കുകയും അതിൻപ്രകാരം ഭരിക്കപ്പെടുകയും ചെയ്തു എന്നുള്ളത് നാം എപ്പോഴും അഭിമാനത്തോടെ ഓർക്കണം. ഇപ്രകാരം ഒരു ഭരണഘടന തയ്യാറാക്കുന്നതിന് അത്യദ്ധ്വാനം ചെയ്ത പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെയും മറ്റ് എല്ലാ പൂർവ്വിക പിതാക്കന്മാരെയും നന്ദിപൂർവ്വം സ്മരിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.

മലങ്കരസഭാ ഭരണഘടനയുടെ നവതി ആഘോഷങ്ങൾ 2024 ഡിസംബർ മാസം 26-ാം തീയതി നടത്തപ്പെടുകയാണ്. അന്നേദിവസം രാവിലെ കോട്ടയം പഴയസെമിനാരിയിൽ വി. കുർബ്ബാനയും തുടർന്ന് 10 മണിക്ക് കോട്ടയം എം. ഡി. സെമിനാരിയിൽ ഭരണഘടനയുമായി ബന്ധപ്പെട്ട സിമ്പോസിയങ്ങളും സെമിനാറുകളും ക്രമീകരിച്ചിട്ടുണ്ട്. ഉച്ചകഴിഞ്ഞ് മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ അംഗങ്ങളുടെ ഒരു പ്രത്യേക യോഗവും ചേരുന്നതാണ്. നവതിയോടനുബന്ധിച്ച് നടത്തപ്പെടുന്ന സെമിനാറിലും തുടർന്നുള്ളതായ സമ്മേളനത്തിലും നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അംഗങ്ങൾ എല്ലാവരും പള്ളി ചെലവിൽ വന്ന് സംബന്ധിക്കേണ്ടതാണ്. ഈ ചരിത്ര മുഹൂർത്തത്തിന് സാക്ഷികളാകുവാൻ ഇന്നത്തെ തലമുറയിൽ നമുക്ക് കിട്ടുന്ന അസുലഭ നിമിഷമായി ഇതിനെ കണ്ട് സാധിക്കുന്ന എല്ലാ വിശ്വാസികളും ഈ സമ്മേളനത്തിന്റെ ഭാഗമാകണം എന്ന് നാം നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2024 നവംബർ മാസം 28-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**